പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.266 03.02.2020 ൽ മറുപടിക്ക്

## പ്രൈമറി ഹെൽത്ത് സെന്റർ സി.എച്ച്.സി. ആയി അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി | | കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് മണ്ഡലത്തിലെ പള്ളിക്കൽ പ്രൈമറി ഹെൽത്ത് സെന്റർ സി.എച്ച്.സി. ആയി അപ്ഗ്രേഡ് ചെയ്യുന്നത് സംബന്ധിച്ച് നിവേദനം ലഭിച്ചിരുന്നുവോ; പ്രസ്തുത നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് മണ്ഡലത്തിലെ പള്ളിക്കൽ പ്രൈമറി ഹെൽത്ത് സെന്റർ സി.എച്ച്.സി. ആയി അപ്ഗ്രേഡ് ചെയ്യുന്നത് സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ട്. 20.11.2019 തീയതിയിലെ എം1/841/2019 ആ.കു.വ നമ്പർ സർക്കാർ കത്ത് പ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുന്നു. |
| (ബി) | ഇത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടറോട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കാമോ; | | |
| (സി) | ആരോഗ്യ വകുപ്പ് ഡയറക്ടർ ഇത് സംബന്ധിച്ച് മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്ന് റിപ്പോർട്ട് ആവശ്യപ്പെട്ട് കത്ത് അയച്ചിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് അറിയിക്കാമോ; കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (സി) | ആരോഗ്യവകുപ്പ് ഡയറക്ടർ 16.01.2020 ൽ ജില്ലാ മെഡിക്കൽ ആഫീസറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | ആരോഗ്യ വകുപ്പ് ഡയറക്ടർ ഓഫീസിലെ പി.എൽ.ബി1/96895/2019 നമ്പർ ഫയലിൽ നടപടികൾ ത്വരിതപ്പെടുത്തി വള്ളിക്കുന്ന് മണ്ഡലത്തിലെ പള്ളിക്കൽ പ്രൈമറി ഹെൽത്ത് സെന്റർ സി.എച്ച്.സി. ആയി അപ്ഗ്രേഡ് ചെയ്യുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ? | (ഡി) | ഇത് സംബന്ധിച്ച റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല. |

Hari
സെക്ഷൻ ഓഫീസർ

നോമ്പൻ്റോ

പി.എൽ.ബി 1/96896/18/ആവഡ

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം തീയതി 16.01.2019

പ്രേഷകൻ

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)
മലപ്പുറം

സർ,

വിഷയം - ആവഡ - പള്ളിക്കൽ പി.എച്ച്.സിയെ സി.എച്ച്.സിയായി ഉയർത്തുന്നത് - സംബന്ധിച്ച്

സൂചന - 29.10.19 ൽ അബ്ദുൽ ഹമീദ്.വി (വള്ളിക്കുന്ന് മെമ്പർ) ബഹുമാനപ്പെട്ട ആരോഗ്യ മന്ത്രിയ്ക്ക് നൽകിയ നിവേദനം

സൂചന ശ്രദ്ധിച്ചാലും, മേൽവിഷയം സംബന്ധിച്ച് സൂചന കത്തിൽ പറഞ്ഞിരിക്കുന്ന ആവശ്യങ്ങൾ പരിശോധിച്ച് താങ്കളുടെ അഭിപ്രായത്തോടുകൂടിയ വ്യക്തമായ റിപ്പോർട്ടിനായി സൂചന കത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി

ഉള്ളടക്കം

മേൽപ്പറഞ്ഞവ

Hari
സെക്ഷൻ ഓഫീസർ